സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 51 2025 മെയ് 09 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പാക് ഷെല്ലാക്രമണം: ഉറിയിൽ സ്ത്രീ കൊല്ലപ്പെട്ടു, 4പേർക്ക് പരിക്ക്

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിന്റെ തുടർച്ചയായി പാകിസ്താൻ നടത്തിയ വ്യോമാക്രമണത്തിന് ശക്തമായ തിരിച്ചടി നൽകി ഇന്ത്യ. പാക് തലസ്ഥാനമായ ഇസ്ലാമാബാദ്, ലഹോർ, കറാച്ചി, പെഷവാർ എന്നിവിടങ്ങളിൽ ഇന്ത്യ ശക്തമായ വ്യോമാക്രമണം നടത്തി. പാകിസ്താന്റെ മൂന്ന് യുദ്ധവിമാനങ്ങളും 50-ഓളം ഡ്രോണുകളും പത്തോളം മിസൈലുകളും തകർത്തു. 2ചൈനീസ് നിർമിത ജെഎഫ് 17എസ്, എഫ് 16 യുദ്ധവിമാനങ്ങളാണ് തകർത്തത്. പാക് പൈലറ്റിനെ ഇന്ത്യ കസ്റ്റഡിയിലെടുത്തതായും സൂചനയുണ്ട്. ഇതിനിടെ, ജമ്മുവിലെ സാംബയിൽ നുഴഞ്ഞുകയറാൻ ശ്രമിച്ച ഭീകരരെ ബിഎസ്എഫ് വധിച്ചു. അതിനിടെ, ബലൂചിസ്താൻ ലിബറേഷൻ ആർമി ബലൂചിസ്താൻ തലസ്ഥാനമായ ക്വറ്റ പിടിച്ചെടുത്തു. ഉറിയിൽ ഒരു സ്ത്രീ കൊല്ലപ്പെട്ടു. 4 പേർക്ക് പരിക്ക് പറ്റി.

7 ഭീകരരെ സൈന്യം വധിച്ചു

ജമ്മുവിൽ കുടുങ്ങിയവർക്കായി ഡൽഹിയിലേക്ക് സ്പെഷൽ ട്രെയിൻ

ശ്രീനഗർ: ജമ്മുകശ്മീരിലെ സാംബയിൽ നുഴഞ്ഞു കയറാൻ ശ്രമിച്ച ഏഴ് ജയ്ഷെ ഭീകരരെ വധിച്ച് സൈന്യം. അതിർത്തിയിൽ പാക്കിസ്ഥാൻ ആക്രമണം നടത്തുന്നതിനിടെയാണ് ജയ്ഷെ ഭീകരർ നുഴഞ്ഞുകയറാൻ ശ്രമിച്ചത്. ഇന്നലെ രാത്രി 11 മണിയോടെയാണ് ഭീകരർ എത്തിയതെന്ന് ബിഎസ്എഫ് ജമ്മു എക്സിൽ കുറിച്ചു. ജമ്മുവിലെയും പഠാൻകോട്ടിലെയും ഉധംപുറിലെയും സൈനിക കേന്ദ്രങ്ങൾക്ക് നേരെ പാക്കിസ്ഥാൻ ആക്രമണം നടത്താൻ ശ്രമിച്ചുവെന്നും നീക്കം പരാജയപ്പെടുത്തിയെന്നും സൈന്യം വ്യക്തമാക്കി.

അതിനിടെ, ജമ്മു കശ്മീരിൽ നിന്ന് ഡൽഹിയിലേക്ക് മൂന്ന് സ്പെഷൽ ട്രെയിനുകൾ റെയിൽവേ അനുവദിച്ചു. ജമ്മു, ഉധംപൂർ എന്നിവിടങ്ങളിൽ നിന്നാണ് സർവീസുകൾ. വ്യോമറോഡ് ഗതാഗതം തടസപ്പെട്ടതോടെ പ്രദേശത്ത് കുടുങ്ങിപ്പോയ വിനോദസഞ്ചാരികൾ ഉൾപ്പടെയുള്ളവരെ സ്വന്തം സ്ഥലങ്ങളിലെത്തിക്കുന്നതിനായാണ് പ്രത്യേക ട്രെയിനുകൾ അനുവദിച്ചതെന്ന് റെയിൽവേ അറിയിച്ചു.

അതിർത്തിയിലെ പാക് ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങളിൽ ആശങ്കയേറിയതോടെയാണ് റെയിൽവേയുടെ നീക്കം. ഐപിഎൽ മൽസരത്തിനായി ധരംശാലയിലെത്തി കുടുങ്ങിയ ഡൽഹി കാപിറ്റൽസ്, പഞ്ചാബ് കിങ്സ് താരങ്ങളെ സുരക്ഷിതരായി തിരികെ എത്തിക്കാൻ പ്രത്യേക ട്രെയിൻ സൗകര്യം ഒരുക്കുമെന്ന് ബിസിസിഐയും നേരത്തെ വ്യക്തമാക്കിയിരുന്നു. താരങ്ങളെ ഉനയിൽ നിന്നുമാകും ഡൽഹിയിലെത്തിക്കുക. കളിക്കാർക്ക് പുറമെ മാച്ച് ഒഫിഷ്യലുകൾ, സപ്പോർട്ട് സ്റ്റാഫുകൾ, ബ്രോഡ്കാസ്റ്റ് ക്രൂ എന്നിവരെയും ഈ ട്രെയിനിൽ ഡൽഹിയിൽ എത്തിക്കും.

പാക് ആക്രമണത്തിന് പിന്നാലെ ധരംശാലയിലെ മൽസരം ഇടയ്ക്ക് വച്ച് നിർത്തിയിരുന്നു. മൽസരം 10 ഓവറുകൾ പിന്നിട്ട ശേഷമായിരുന്നു ഉപേക്ഷിച്ചത്.

താൻ പ്രവർത്തകരുടെ നോമിനിയെന്ന് സണ്ണി ജോസഫ്

കണ്ണൂർ: കേരളത്തിലെ കോൺഗ്രസിൽ മാറ്റം അനിവാര്യമായിരുന്നുവെന്ന് നിയുക്ത കെ.പി.സി.സി അധ്യക്ഷൻ അഡ്വ. സണ്ണി ജോസഫ്. തെരഞ്ഞെടുപ്പിൽ വിജയിക്കാൻ പുതിയ ടീം വരേണ്ടത് ആവശ്യമാണ്. അത് ബോധ്യപ്പെട്ടത് കൊണ്ടാണ് കോൺഗ്രസ് ഹൈക്കമാൻഡ് തീരുമാനമെന്നും സണ്ണി ജോസഫ് വ്യക്തമാക്കി.

കെ. സുധാകരന്റെ കരുത്ത് വേറെയാണ്, അദ്ദേഹത്തിന് യോജിച്ച പകരക്കാരനല്ല താൻ. മുതിർന്ന നേതാക്കൾക്കിടയിൽ കണക്ടിങ് ലിങ്ക് ആയി പ്രവർത്തിക്കും. സമവാക്യം പാലിക്കാനുള്ള നിയമനമല്ല തൻറേത്. തന്നെ നിർദേശിച്ചത് സഭയല്ലെന്നും പ്രവർത്തകരുടെ നോമിനിയാണ് താനെന്നും സണ്ണി ജോസഫ് മാധ്യമങ്ങളോട് വ്യക്തമാക്കി. കെ. സുധാകരനെ മാറ്റി സണ്ണി ജോസഫ് എം.എൽ.എയെ ഇന്നലെയാണ് കെ.പി.സി.സി പ്രസിഡന്റായി കോൺഗ്രസ് ഹൈകമാൻഡ് നിയമിച്ചത്. സുധാകരനെ കോൺഗ്രസ് പ്രവർത്തക സമിതിയുടെ സ്ഥിരം ക്ഷണിതാവാക്കി.

കേരള സർവകലാശാലയിൽ ഇന്ന് നടക്കാനിരുന്ന സെമിനാർ വി.സി തടഞ്ഞു

തിരു: പഹൽഗാം ആക്രമണം അടക്കം ചർച്ചാ വിഷയമാക്കി കേരള സർവകലാശാലയിൽ ഇന്ന് നടത്താനിരുന്ന സെമിനാർ ദേശീയതക്ക് എതിരാണെന്ന് ആരോപിച്ച് വൈസ് ചാൻസിലർ തടഞ്ഞു. സർവകലാശാല തമിഴ് വകുപ്പ് നടത്താനിരുന്ന സെമിനാറാണ് ദേശീയക്ക് എതിരായതുകൊണ്ട് തടയണമെന്ന് ആവശ്യപ്പെട്ട് വി.സി ഡോ. മോഹനൻ കുന്നുമ്മേൽ രജിസ്ട്രാർക്ക് നിർദേശം നൽകിയത്.

'ജനനായകം' എന്ന തമിഴ് പ്രസിദ്ധീകരണത്തിൽ വന്ന ലേഖനത്തെ അടിസ്ഥാനമാക്കിയാണ് സെമിനാർ സംഘടിപ്പിച്ചത്. രാജ്യസുരക്ഷയെ ബാധിക്കുന്ന സെമിനാർ സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയ വകുപ്പ് മേധാവിയോട് വിശദീകരണം ആവശ്യപ്പെടാനും വി.സി ഉത്തരവിട്ടു.

"ഇപ്പോഴും, പഹൽഗാം ആക്രമണം ഉപയോഗിച്ചുകൊണ്ട് അവർ ബീഹാർ തിരഞ്ഞെടുപ്പിൽ സജീവമായി പ്രചാരണം നടത്തുന്നുണ്ട്. ഇത് നോക്കുമ്പോൾ, മോദി സർക്കാർ അറിഞ്ഞുകൊണ്ട് തന്നെയല്ലേ പഹൽഗാം ആക്രമണം അനുവദിച്ചത്? ആ ചോദ്യം സ്വാഭാവികമായും നമ്മളിൽ ഉയരും. ദേശവിരുദ്ധ പ്രചാരണങ്ങളിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും ഫാസിസ്റ്റ് ഗൂഢാലോചനകൾ നടത്താനും ശ്രമിക്കുകയാണ്. ഈ സാഹചര്യത്തിൽ, മോദി സർക്കാരിന്റെ ഗൂഢാലോചനകളെ പരാജയപ്പെടുത്തേണ്ട ഉത്തരവാദിത്തം ഇന്ത്യയിലുടനീളമുള്ള വിപ്ലവ-ജനാധിപത്യ ശക്തികളുടെ ചുമലിലാണ്. ഇതിനെ നേരിടാൻ, പഹൽഗാം ആക്രമണത്തെ ഉപയോഗിച്ച് ഇന്ത്യയിലുടനീളം ദേശീയത ഇളക്കിവിടുകയാണ്" -എന്നിങ്ങ?നെയാണ് ലേഖനത്തിൽ പറയുന്നത്. ഇതേക്കുറിച്ചാണ് ചർച്ചാ സെമിനാർ സംഘടിപ്പിച്ചത്.

'ജീവൻ നഷ്ടപ്പെട്ട പാക് സഹോദരങ്ങൾക്കായി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു'; ഷെഹബാസ് ഷെരീഫുമായി സംസാരിച്ച് തുർക്കി പ്രസിഡന്റ്

അങ്കാര: ഇന്ത്യ - പാക് സംഘർഷത്തിന് പിന്നാലെ പിന്തുണയറിയിച്ച് തുർക്കി പ്രസിഡന്റ് തയ്യിപ് എർദോഗൻ, ഷെഹബാസ് ഷെരീഫുമായി ഫോണിൽ സംസാരിച്ചു. തുർക്കി പ്രസിഡന്റിന്റെ ഓഫീസ് പുറത്തിറക്കിയ പ്രസ്താവനയിലാണ് ഇക്കാര്യം പുറത്തുവിട്ടത്.

എർദോഗൻ ബുധനാഴ്ച ഷെഹബാസ് ഷെരീഫുമായി സംസാരിച്ചുവെന്നാണ് പ്രസ്താവനയിൽ പറയുന്നത്. പാകിസ്ഥാന്റെ നിലപാടിനെ പിന്തുണയ്ക്കുന്നുവെന്ന് പറഞ്ഞ എർദോഗൻ രാജ്യത്തിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. സംഘർഷങ്ങൾ രൂക്ഷമാകുന്നത് തടയാൻ എന്ത് മാർഗവും സ്വീകരിക്കാൻ തുർക്കി തയ്യാറാണെന്നും എർദോഗൻ പറഞ്ഞതായി പ്രസ്താവനയിലുണ്ട്.

ഏപ്രിൽ 22ന് പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തിൽ 26പേർ കൊല്ലപ്പെട്ടതിനെക്കുറിച്ച് അന്വേഷിക്കണമെന്ന പാകിസ്ഥാന്റെ ആഹ്വാനം ഉചിതമാണ്. സംഭവത്തിൽ ഇന്ത്യ പാകിസ്ഥാനെ കുറ്റപ്പെടുത്തി. പാകിസ്ഥാൻ ആ ആരോപണം നിഷേധിച്ചു. ഇന്ത്യയുടെ മിസൈൽ ആക്രമണത്തിൽ അപലപിക്കുന്നു. അത്തരം സൈനിക നടപടികൾ ഒരു സമഗ്ര യുദ്ധത്തിലേക്ക് നയിക്കുമെന്നും പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്.

'പാകിസ്ഥാനും ഇന്ത്യയും തമ്മിലുള്ള സംഘർഷം യുദ്ധത്തിലേക്ക് നീങ്ങുമോയെന്ന് ഞങ്ങൾ ആശങ്കാകുലരാണ്. ഇന്ത്യയുടെ മിസൈൽ ആക്രമണം നിരവധി സാധാരണക്കാരായ മനുഷ്യരുടെ രക്തസാക്ഷിത്വത്തിന് കാരണമായി. ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട നമ്മുടെ സഹോദരങ്ങൾക്ക് അല്ലാഹുവിന്റെ കാരുണ്യത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. പാകിസ്ഥാനിലെ സഹോദരങ്ങൾക്കൊപ്പമുണ്ട്. ഞാൻ വീണ്ടും അനുശോചനം അറിയിക്കുകയാണ്.

എരിതീയിൽ എണ്ണ ഒഴിക്കുന്നതിന് പകരം സംഭാഷണങ്ങൾക്കുള്ള വഴി തുറക്കുകയാണ് വേണ്ടത്. അതിന് വേണ്ട എല്ലാ ശ്രമങ്ങളും ഞങ്ങൾ ചെയ്യും', എന്ന് എർദോഗൻ നേരത്തേ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തിരുന്നു.

ചണ്ഡീഗഢിലും മുന്നറിയിപ്പ്, സൈറൺ മുഴങ്ങി; വിവിധ സംസ്ഥാനങ്ങളിൽ അതീവ ജാഗ്രത

ന്യൂഡൽഹി: പാക് പ്രകോപനത്തിന്റെ പശ്ചാത്തലത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സുരക്ഷ ശക്തമാക്കി. പഞ്ചാബ്, ഹരിയാണ, ഉത്തരാഖണ്ഡ്, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര അടക്കമുള്ള സംസ്ഥാനങ്ങളിൽ സുരക്ഷാ മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇതിനിടെ ചണ്ഡീഗഢിൽ ഷെല്ലാക്രമണ മുന്നറിയിപ്പ് ലഭിച്ചതായും റിപ്പോർട്ടുണ്ട്. എയർ സൈറൺ മുഴങ്ങിയതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ സുരക്ഷിതയിടങ്ങളിലേക്ക് മാറി. വീട്ടിനുള്ളിൽനിന്ന് പുറത്തിറങ്ങരുതെന്നാണ് ജനങ്ങൾക്ക് നൽകിയിരിക്കുന്ന നിർദേശം.

ചണ്ഡീഗഢിൽ കോളേജുകൾക്കും സ്കൂളുകൾക്കും നേരത്തെതന്നെ അവധി നൽകിയിരുന്നു. അവധിയിലുള്ള ആരോഗ്യപ്രവർത്തകരോട് തിരികെ ജോലിയിൽ പ്രവേശിക്കാനും ആവശ്യപ്പെട്ടിരുന്നു.

ഉത്തരാഖണ്ഡിലെ എല്ലാ ആശുപത്രികൾക്കും അതീവ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ഡോക്ടർമാരുടേയും ജീവനക്കാരുടേയും അവധികൾ റദ്ദാക്കിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദേശ പ്രകാരമാണ് നടപടി.

ആന്ധ്രാപ്രദേശിലെ നെല്ലൂരിൽ റെയിൽവേ സ്റ്റേഷനിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. നൂറോളം പോലീസ് ഉദ്യോഗസ്ഥരെ റെയിൽവേ സ്റ്റേഷനുടനീളം വിന്യസിച്ചതായി നെല്ലൂർ റെയിൽവേ ഡിഎസ്പി മുരളീധരൻ പറഞ്ഞു. ഡോഗ് സ്കാഡും ബോംബ് സ്ക്വാഡും അടക്കമുള്ള ആറംഗ സംഘങ്ങളായി തിരിച്ചാണ് നിയോഗിച്ചിരിക്കുന്നത്. ഹോട്ടൽ, ബസ്സ്റ്റാൻഡ്, ലോഡ്ജുകൾ അടക്കം പരിശോധിച്ചതായി ഡിഎസ്പി പറഞ്ഞു.

മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫട്നവിസിന്റെ അധ്യക്ഷതയിൽ മുംബൈയിൽ ഉന്നതതല യോഗം ചേരും. മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ഭരണതല ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും. ഇതിനിടെ, അസമിൽ നടക്കുന്ന ബിഹു ആഘോഷ പരിപാടികൾ റദ്ദാക്കിയിട്ടുണ്ട്.

ഇന്ത്യ- പാക് സംഘർഷം: ഐപിഎൽ മത്സരങ്ങൾ അനിശ്ചിത കാലത്തേക്ക് നിറുത്തിവച്ചു

ന്യൂഡൽഹി: ഇന്ത്യ - പാക് സംഘർഷം കനക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഇക്കൊല്ലത്തെ ഇന്ത്യൻ പ്രീമിയർ ലീഗ് (ഐപിഎൽ) മത്സരങ്ങൾ താൽക്കാലികമായി നിറുത്തിവച്ചതായി റിപ്പോർട്ട്. നേരത്തേ, മത്സരങ്ങൾ തുടരണോ എന്ന കാര്യത്തിൽ സ്ഥിതിഗതികൾ അവലോകനം ചെയ്ത ശേഷം തീരുമാനമെടുക്കുമെന്ന് ഐപിഎൽ ചെയർമാൻ അരുൺ ധുമാൽ വ്യക്തമാക്കിയിരുന്നു.

ഇന്നലെ ഹിമാചൽ പ്രദേശിലെ ധരംശാലയിൽ നടന്ന പഞ്ചാബ് കിംഗ്സും ഡൽഹി ക്യാപിറ്റൽസും തമ്മിലുള്ള മത്സരം സുരക്ഷാ പ്രശ്നങ്ങൾ കാരണം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നിരുന്നു. ഇന്ത്യൻ നഗരങ്ങൾക്ക് നേരെ പാകിസ്ഥാൻ നടത്തിയ ഡ്രോൺ, മിസൈൽ ആക്രമണത്തെത്തുടർന്ന് സൈറൺ മുഴങ്ങിയതോടെ സ്റ്റേഡിയത്തിൽ വൈദ്യുതി വിച്ഛേദിച്ചു. ഇതോടെയാണ് മത്സരങ്ങൾ നിർത്തിവച്ചത്.

ഐപിഎൽ തുടരുമോ ഇല്ലയോ എന്ന കാര്യത്തിൽ അധികം വൈകാതെ തന്നെ തീരുമാനമെടുക്കുമെന്നാണ് ബിസിസിഐ വൈസ് പ്രസിഡന്റ് രാജീവ് ശുക്ല നേരത്തേ വ്യക്തമായിരുന്നു. കളിക്കാരുടെ സുരക്ഷയ്ക്കാണ് പ്രാധാന്യം നൽകുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് ഇതുവരെ നിർദേശമൊന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞിരുന്നു. സംഘർഷത്തിന് പിന്നാലെ രാജ്യത്തെ പല വിമാനത്താവളങ്ങളും അടച്ചിട്ടിരിക്കുകയാണ്. ഇതും ഐപിഎൽ മത്സരം തുടരുന്നതിന് ബുദ്ധിമുട്ടാകും.

കഴിഞ്ഞദിവസം റാവൽ പിണ്ടിയിൽ സ്റ്റേഡിയത്തിന് പുറത്തുണ്ടായ സ്ഫോടനത്തെ തുടർന്ന് പാകിസ്ഥാൻ സൂപ്പർ ലീഗ് മത്സരങ്ങളുടെ വേദിമാറ്റാൻ പാക് ക്രിക്കറ്റ് ബോർഡ് തീരുമാനിച്ചിരുന്നു. മത്സരം തുടങ്ങുന്നതിന് തൊട്ടുമുമ്പായിരുന്നു സ്ഫോടനം.

നിപ ബാധിച്ച വളാഞ്ചേരി സ്വദേശി ഗുരുതരാവസ്ഥയിൽ

മലപ്പുറം: നിപ ബാധിച്ച് ചികിത്സയിലുള്ള മലപ്പുറം വളാഞ്ചേരി സ്വദേശിയായി 42കാരിയുടെ നില അതീവ ഗുരുതരമായി തുടരുന്നു. പെരിന്തൽമണ്ണ ഇ.എം.എസ് ആശുപത്രിയിൽ വെന്റിലേറ്ററിലുള്ള രോഗിക്ക് മോണോക്ളോണൽ ആന്റി ബോഡി നൽകിയെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. രോഗിയുടെ റൂട്ട്മാപ്പ് ആരോഗ്യവകുപ്പ് പുറത്തുവിട്ടിട്ടുണ്ട്. 12 കുടുംബാംഗങ്ങൾ ഉൾപ്പെടെ 49പേരാണ് സമ്പർക്കപ്പട്ടികയിലുള്ളത്. ആറുപേർക്കാണ് രോഗലക്ഷണമുള്ളത്. ഇതിൽ അഞ്ചുപേർ മഞ്ചേരി മെഡി.കോളജിൽ ചികിത്സയിലാണ്.ഒരാൾ എറണാകുളത്ത് ഐസൊലേഷനിൽ കഴിയുകയാണ്.

ശത്രുക്കൾ കനത്ത നാശം വരുത്തി, കൂടുതൽ വായ്പ വേണം'; പാക് മന്ത്രാലയത്തിന്റെ എക്സ് പോസ്റ്റ്

ഇസ്ലാമാബാദ്: ഇന്ത്യയുമായി സംഘർഷം കനക്കുന്നതിനിടെ അന്താരാഷ്ട്ര പങ്കാളികളോട് സഹായം അഭ്യർഥിച്ച് പാകിസ്താൻറെ സാമ്പത്തിക കാര്യ മന്ത്രാലയത്തിൻറെ ഔദ്യോഗിക എക്സ് അക്കൗണ്ടിൽ പോസ്റ്റ്. പിന്നാലെ ഇങ്ങനെയൊരു പോസ്റ്റ് ഇട്ടിട്ടില്ലെന്നും തങ്ങളുടെ എക്സ് അക്കൗണ്ട് ഹാക്ക് ചെയ്തതാണെന്നും വിശദീകരിച്ച് വകുപ്പ് രംഗത്തെത്തി.

അക്കൗണ്ട് പൂർവ സ്ഥിതിയിലാക്കാൻ ശ്രമം നടക്കുകയാണെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. 'ശത്രുക്കൾ കനത്ത നാശം വരുത്തിയതിനാൽ അന്താരാഷ്ട്ര പങ്കാളികളിൽനിന്ന് കൂടുതൽ വായ്പ (വായ്പ) അഭ്യർഥിക്കുന്നു. സംഘർഷങ്ങൾക്കും ഓഹരി വിപണി തകർച്ചക്കും ഇടയിൽ സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കാൻ രാജ്യാന്തര പങ്കാളികൾ സഹായിക്കണം' -എന്നായിരുന്നു എക്സിൽ പ്രത്യക്ഷപ്പെട്ട് പോസ്റ്റ്.

വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് പാകിസ്താൻ കടന്നുപോകുന്നത്. ഇതിനിടെയാണ് ഇന്ത്യയുമായുള്ള സംഘർഷം. അന്താരാഷ്ട്ര നാണയനിധിയിൽനിന്ന് ഏറ്റവും കൂടുതൽ വായ്പയെടുത്ത നാലാമത്തെ രാജ്യമാണ് പാകിസ്താൻ. 8.8 മില്യൺ വായ്പയാണ് കൊടുത്തുതീർക്കാനുള്ളത്. ഇന്ത്യയുമായുള്ള സംഘർഷം പാകിസ്താൻറെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ അപകടത്തിലാക്കുമെന്ന് പലരും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെയാണ് ഇന്ത്യ പാകിസ്താനു തിരിച്ചടി നൽകിയത്. ഭീകര കേന്ദ്രങ്ങളെ ലക്ഷ്യമിട്ടായിരുന്നു ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ. പിന്നാലെ പാകിസ്താൻ നടത്തിയ ഡ്രോൺ ആക്രമണം ഇന്ത്യ പ്രതിരോധിച്ചിരുന്നു. അതേസമയം, സംഘർഷം രൂക്ഷമാകുന്നതിനിടെ തുടർനടപടികൾ ചർച്ച ചെയ്യാനായി പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് സംയുക്ത സേനാമേധാവി അനിൽ ചൗഹാനും ത്രിതല സേനാമേധാവികളുമായും ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നിയന്ത്രണ രേഖയിലും അന്താരാഷ്ട്ര അതിർത്തിയിലും പാക് പ്രകോപനം ശക്തമാകുന്ന ഘട്ടത്തിൽ കനത്ത തിരിച്ചടി നൽകാൻ ഇന്ത്യ സജ്ജമാണെന്ന മുന്നറിയിപ്പും പ്രതിരോധ വൃത്തങ്ങൾ നൽകിയിരുന്നു.

ഡൽഹിയിൽ തിരക്കിട്ട ചർച്ചകൾ; സൈനിക മേധാവികളുമായി പ്രതിരോധമന്ത്രിയുടെ കൂടിക്കാഴ്ച

ന്യൂഡൽഹി: പാക് പ്രകോപനം തുടരുന്നതിനിടെ ഡൽഹിയിൽ തിരക്കിട്ട ചർച്ചകൾ. പ്രതിരോധ മന്ത്രി കര, വ്യോമ, നാവിക സേനകളുടെ മേധാവികളുമായി ചർച്ചനടത്തുന്നുണ്ട്. വ്യാഴാഴ്ചനടന്ന ഏറ്റുമുട്ടലിൻറെയും തുടർ നടപടികളുടെയും പശ്ചാത്തലത്തിലാണ് കൂടിക്കാഴ്ച.

പ്രതിരോധമന്ത്രാലയം വെള്ളിയാഴ്ച വാർത്താ സമ്മേളനം നടത്തുമെന്നും അറിയിച്ചിട്ടുണ്ട്. ഏറ്റുമുട്ടൽ സംബന്ധിച്ച പല കാര്യങ്ങളിലും വാർത്താ സമ്മേളനത്തിൽ കേന്ദ്രം വ്യക്തതവരുത്തുമെന്നാണ് വിവരം. വാർത്താസമ്മേളനത്തിൻറെ സമയം സംബന്ധിച്ച വിവരം പുറത്തുവിട്ടിട്ടില്ല.

നിയന്ത്രണരേഖയിൽ പാക് നിരന്തരം വെടിനിർത്തൽ കരാർ ലംഘിച്ചതായി സൈന്യം അറിയിച്ചു. വ്യാഴം, വെള്ളി ദിവസങ്ങളിൽ ഡ്രോണുകളും യുദ്ധോപകരണങ്ങളും ഉപയോഗിച്ച് ഒന്നിലധികം തവണ ഇന്ത്യക്ക് നേരെ പാക് പ്രകോപനം തുടന്നുവെന്നും ഇന്ത്യൻ സൈന്യം ശക്തമായി പ്രതിരോധിച്ച്, തിരിച്ചടിച്ചതായും സൈന്യം എക്സ് പ്ലാറ്റ്ഫോമിൽ വ്യക്തമാക്കി.

കഴിഞ്ഞ രാത്രിയിൽ പാക് ഡ്രോൺ ആക്രമണം ഇന്ത്യൻ സേന പരാജയപ്പെടുത്തിയിരുന്നു. ജമ്മു, പത്താൻകോട്ട്, ഉദ്ധംപൂർ മേഖലകളാണ് പാക് ലക്ഷ്യംവെച്ചത്. എന്നാൽ, സൈന്യം ശക്തമായി പ്രതിരോധിച്ചിരുന്നു. പ്രദേശത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള സംഭവ സ്ഥലത്തേക്ക് പുറപ്പെട്ടു.

ഓപ്പറേഷൻ സിന്ദൂറിനുപിന്നാലെ രാജ്യത്തെ വടക്കുപടിഞ്ഞാറൻ മധ്യമേഖലകളിലുള്ള 27 പ്രധാന വിമാനത്താവളങ്ങൾ മേയ് പത്തുവരെ അടച്ചു. വ്യാഴാഴ്ച മാത്രം 430 സർവീസുകൾ റദ്ദാക്കി.

ശ്രീനഗർ, ജമ്മു, ലേ, ചണ്ഡീഗഢ്, അമൃത്സർ, ലുധിയാന, പട്യാല, ബതിന്ദ, ഹൽവാര, പഠാൻകോട്ട്, ഭുന്തർ, ഷിംല, ഗഗ്ഗൽ, ധരംശാല, കിഷൻഗഢ്, ജയ്സാൽമീർ, ജോധ്പൂർ, ബിക്കാനീർ, മുന്ദ്ര, ജാംനഗർ, രാജ്കോട്ട്, പോർബന്ദർ, കണ്ട്ല, കെഷോദ്, ബുജ്, ഗ്വാളിയർ, ഗാസിയാബാദ് ഹിൻഡൻ തുടങ്ങിയ വിമാനത്താവളങ്ങളാണ് അടച്ചിട്ടത്. അതിർത്തി സംസ്ഥാനങ്ങളിൽ ഇന്ത്യ കനത്ത ജാഗ്രതാനിർദേശം നൽകി. പഞ്ചാബിലും രാജസ്ഥാനിലും അതിർത്തിമേഖലകളിൽ സ്കൂളുകൾ അടച്ചു.

രാജസ്ഥാനിലെ അതിർത്തി ജില്ലകളിലുള്ള ഓഫീസർമാരോടും പോലീസുദ്യോഗസ്ഥരോടും അവധി റദ്ദാക്കി മടങ്ങാൻ നിർദേശിച്ചിട്ടുണ്ട്.പൂഞ്ച്, രജൗരി, ജമ്മു, സാംബ, കഠുവ എന്നിവയുൾപ്പെടെയുള്ള അഞ്ച് അതിർത്തി ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിടാൻ ജമ്മു-കശ്മീർ സർക്കാർ ഉത്തരവിട്ടു. അന്താരാഷ്ട്ര അതിർത്തിക്കും നിയന്ത്രണരേഖയ്ക്കും സമീപം താമസിക്കുന്നവരെ സുരക്ഷിത ഇടങ്ങളിലേക്കു മാറ്റിപ്പാർപ്പിക്കാനും നിർദേശിച്ചിട്ടുണ്ട്.

വളർത്തുനായയുടെ കടിയേറ്റ് ചികിത്സയിലിരുന്ന വിദ്യാർഥി മരിച്ചു

ആലപ്പുഴ: സംസ്ഥാനത്ത് വീണ്ടും പേവിഷ ബാധയേറ്റ് മരണം. ആലപ്പുഴ കരുമാടിയിൽ പത്താം ക്ലാസുകാരൻ പേവിഷബാധയേറ്റ് മരിച്ചു. കിഴക്കെ കരുമാടി സ്വദേശി സൂരജ് എസ്. ആണ് മരിച്ചത്. വണ്ടാനം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു.

രണ്ട് ദിവസം മുൻപാണ് സൂരജിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇന്ന് രാവിലെ മരിക്കുകയായിരുന്നു. മെയ് അഞ്ചിന് തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ചികിൽസയിലായിരുന്ന ഏഴ് വയസുകാരി കൊല്ലം പത്തനാപുരം വിളക്കുടി ജാസ്മിൻ മൻസിലിൽ നിയ ഫൈസൽ പേവിഷബാധയേറ്റ് മരിച്ചിരുന്നു. ഒരു മാസത്തിനിടെ സംസ്ഥാനത്ത് നാല് കുഞ്ഞുങ്ങളടക്കം ഏഴുപേരാണ് പേവിഷ ബാധയേറ്റ് മരിച്ചത്.

ചിത്രീകരണസംഘാംഗമായ മലയാളി മരിച്ചത് ഷൂട്ടിങ്ങിനിടെയല്ല; വിശദീകരണവുമായി കാന്താര നിർമാതാക്കൾഗ

കൊല്ലൂർ: കാന്താര സിനിമയുടെ രണ്ടാംഭാഗത്തിന്റെ ചിത്രീകരണസംഘാംഗമായ മലയാളി യുവാവ് കൊല്ലൂരിൽ സൗപർണിക നദിയിൽ മുങ്ങി മരിച്ചതിൽ വിശദീകരണവുമായി നിർമാതാക്കൾ. ചിത്രീകരണത്തിനിടെയല്ല വൈക്കം സ്വദേശിയായ എം.എഫ്. കപിലിന്റെ (33) മരണമെന്ന് നിർമാതാക്കളായ ഹോംബാലെ ഫിലിംസ് വ്യക്തമാക്കി. ദാരുണസംഭവം നടന്ന ദിവസം ഷൂട്ടിങ്ങ് നടന്നിരുന്നില്ലെന്നും വാർത്താക്കുറിപ്പിൽ പറയുന്നു.

'ജൂനിയർ ആ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഭീകരതയെ ചെറുത്ത് തോൽപ്പിക്കണം, സാമൂഹിക ധ്രുവീകരണത്തിനെതിരെ ജാഗ്രത പാലിക്കണം: റസാഖ് പാലേരി

തൃശൂർ/എളനാട്: രാജ്യ സമാധാനവും സുരക്ഷയും അപകടപ്പെടുത്തുന്ന എല്ലാതരം ഭീകരപ്രവർത്തനങ്ങളും അവയുടെ സംരക്ഷകരും ചെറുത്തു തോൽപ്പിക്കപ്പെടണമെന്നതാണ് രാജ്യത്തെ ജനങ്ങളുടെ പൊതു വികാരം. നിരപരാധികളുടെ ജീവൻ കവർന്നെടുത്ത ഭീകരപ്രവർത്തനമാണ് പഹൽഗാമിൽ നടന്നത്. ഇതിന് പിന്നിൽ പ്രവർത്തിച്ചവർ ശിക്ഷിക്കപ്പെടണം. ഇത്തരം ശക്തികളെ അമർച്ച ചെയ്യാനുള്ള ഇന്ത്യൻ സൈന്യത്തിന്റെ നടപടികൾക്ക് രാജ്യത്തിന്റെ ഒറ്റക്കെട്ടായ പിന്തുണ ഉണ്ട്. അതേ സമയം രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ഒരു യുദ്ധം ആരും ആഗ്രഹിക്കുന്നില്ല. യുദ്ധങ്ങൾ വലിയ നഷ്ടങ്ങളും ദുരിതങ്ങളും മാത്രമാണ് സമ്മാനിക്കുക. നിരപരാധികളായ നിരവധി മനുഷ്യർ മഹാ ദുരന്തങ്ങളിലേക്ക് വലിച്ചെറിയപ്പെടും. ഇത്തരം സാഹചര്യങ്ങൾ മാനവരാശിക്കാകെ വിപത്ത് ഉണ്ടാക്കുന്നതാണ്.

പഹൽഗാം സംഭവത്തിനു ശേഷം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരപരാധികളായ മനുഷ്യർക്കെതിരെ വലിയതോതിലുള്ള ആക്രമങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ രൂപപ്പെട്ടിട്ടുള്ള യുദ്ധ അന്തരീക്ഷത്തിൽ വെറുപ്പും വിദ്വേഷവും പടരാതിരിക്കാനും അതിക്രമങ്ങളും അസ്വസ്ഥതകളും രൂപപ്പെടാതിരിക്കാനും കേന്ദ്ര - സംസ്ഥാന സർക്കാരുകളും രാഷ്ട്രീയ - മത സംഘടനകളും സമുദായ നേതാക്കളും പ്രത്യേകം ശ്രദ്ധ പുലർത്തണമെന്നും വെൽഫെയർ പാർട്ടി സംസ്ഥാന പ്രസിഡന്റ് റസാഖ് പാലേരി.

ഇപ്പോൾ രൂപപ്പെട്ട സംഘർഷങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ഐക്യരാഷ്ട്ര സഭയുടെ ഇടപെടലും അന്തർദേശീയ നയതന്ത്ര നീക്കങ്ങളും ഉണ്ടാകണം. ശാശ്വത സമാധാനം ഉറപ്പുവരുത്തുന്ന രാഷ്ട്രീയ തീരുമാനങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഇതുവഴി സാധ്യമാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാഹോദര്യപഥയാത്രയ്ക്ക് നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നമ്മൾ ഒരുമിച്ചുള്ള മുന്നേറ്റത്തിന് വലിയ പ്രസക്തി ഉണ്ടെന്നതിന് ഈ മണ്ഡലത്തിൽ വെൽഫെയർ പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ഭൂരഹിതർക്കായുള്ള സമരത്തിലും മറ്റും വ്യക്തമായതാണ്. നാടിന്റെ നന്മക്ക് നമ്മൾ ഒന്നാകണം എന്ന സന്ദേശമാണ് ഈ സാഹോദര്യ പദയാത്ര മുന്നോട്ടുവെക്കുന്ന ആശയമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'നാടിന്റെ നന്മയ്ക്ക് നമ്മളൊന്നാകണം' എന്ന തലക്കെട്ടിൽ സംസ്ഥാനത്തെ 14 ജില്ലകളിലുമായി സംഘടിപ്പിക്കുന്ന സാഹോദര്യ കേരള പദയാത്രയുടെ ചേലക്കര മണ്ഡലം പദയാത്രയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൃകണായ പള്ളി പരിസരത്ത് നിന്നും ആരംഭിച്ച് പദയാത്ര എളനാട് സെന്ററിൽ സമാപിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം വെൽഫെയർ പാർട്ടി സംസ്ഥാന ജനറൽസെക്രട്ടറി സുരേന്ദ്രൻ കരീപ്പുഴ ഉദ്ഘാടനം ചെയ്തു.

വെൽഫെയർ പാർട്ടി സംസ്ഥാന കമ്മിറ്റി അംഗം സാദിഖ് ഉളിയിൽ മുഖ്യപ്രഭാഷണം നടത്തി. ചേലക്കര മണ്ഡലം പ്രസിഡന്റ് ഷാജഹാൻ എളനാട്, അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ,വെൽഫെയർ പാർട്ടി ജില്ലാ ജനറൽ സെക്രട്ടറി ഉമൈറഫീഖ്,,ജില്ലാ സെക്രട്ടറി സുഹൈബ് അലി എന്നിവർ സംസാരിച്ചു.

പദയാത്രയുടെ നായകന് വെൽഫെയർ പാർട്ടി തൃശൂർ ജില്ലാ സെക്രട്ടറി സി. എം ശരീഫ്, തൃശൂർ മണ്ഡലം പ്രസിഡന്റ് റഫീഖ് പി.എച്ച്, വടക്കാഞ്ചേരി മണ്ഡലം പ്രസിഡന്റ് റഫീഖ് അത്താണി. ചേലക്കര മണ്ഡലം കമ്മിറ്റി അംഗം മുഹമ്മദ് കുട്ടി ആറ്റൂർ, പഴയന്നൂർ പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് ഷെമിയ ഷാജഹാൻ, വള്ളത്തോൾ നഗർ പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് മുഹമ്മദ് മൊയ്തുണ്ണി,

FITU ജില്ലാ പ്രസിഡന്റ് ഹംസ എളനാട്, എകാഠ മണ്ഡലം കമ്മിറ്റി അംഗം എം.കെ ഷാനവാസ്. വഴിയോര കച്ചവട ക്ഷേമ സമിതി എളനാട് യൂണിറ്റ് പ്രസിഡന്റ് - പി എ മുഹമ്മദ് കുട്ടി ടൈലറിംഗ് & ഗാർമെന്റ് വർക്കേഴ്സ് യൂണിയൻ എളനാട് യൂണിറ്റ് പ്രസിഡന്റ് - അബ്ദുൾ കരീം .കാറ്ററിംഗ് & ഹോട്ടൽ വർക്കേഴ്സ് യൂണിയൻ ജില്ലാ ട്രഷറർ - പി.എം മുഹമ്മദ്. ഫ്രറ്റേണിറ്റി ജില്ലാ കമ്മിറ്റി അംഗം അസിം ചേലക്കര,ഫ്രറ്റേണിറ്റി മണ്ഡലം കമ്മിറ്റി അംഗം അബ്ദുൽ മഹ്റൂഫ്, വിമൻ ജസ്റ്റിസ് മൂവ്മെന്റ് ജില്ല കമ്മിറ്റി ഹൈറുന്നിസ ചെറുതുരുത്തി, വിമൻ ജസ്റ്റിസ് മൂവ്മെന്റ് മണ്ഡലം കമ്മിറ്റി അംഗം ഫെമിന ടി.കെ,,പ്രവാസി ഫോറം മണ്ഡലം കമ്മിറ്റി അഗം മുഹമ്മദ് ഇഖ്ബാൽ എന്നിവർ ഹരാർപ്പണം നടത്തി.

ഡോ. അംബേദ്കർ അവാർഡ് ലഭിച്ച മികച്ച പഴം പച്ചക്കറി കർഷകൻ ടി. രാംകുമാർ, സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഉറുദു ഉപന്യാസ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ അമീൻ അബ്ദുള്ള എന്നിവർക്ക് ആദരവ് നൽകി.

ചേലക്ക മന്ദലം കമ്മിറ്റി അംഗങ്ങളായ . ഒ എം ബഷീർ, ഇ ഹംസ,എന്നിവർ പദയാത്രക്ക് നേതൃത്വം നൽകി

പോസ്റ്റ് ഓഫീസ് ഏജൻസി: പരാതികൾ അറിയിക്കാം

തൃശൂർ ജില്ലാ കളക്ടർ നിയമിച്ച നെല്ലായി പോസ്റ്റ് ഓഫീസിനു കീഴിൽ അറ്റാച്ച് ചെയ്തു പ്രവർത്തിക്കുന്ന എം. പി.കെ.ബി.വൈ ഏജന്റായ ഇന്ദിര പി (സി.എ നം.4647/MPA/2002) രാമൻതറ ഹൗസ്, നെല്ലായി പി.ഒ, എന്നയാൾ എപ്രിൽ ഏഴിന് തന്ന അപേക്ഷ പ്രകാരം എപ്രിൽ 25-ാം തീയതിയോടുകൂടി ഏജൻസി പ്രവർത്തനം അവസാനിപ്പിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഏജൻസി പ്രവർത്തനം സംബന്ധിച്ച് നിക്ഷേപകർക്ക് പരാതികൾ ഉണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ അയ്യന്തോളിൽ പ്രവർത്തിക്കുന്ന ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെട്ട് രേഖാമൂലം പരാതി നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 2361566 എന്ന നമ്പറിൽ ബന്ധപ്പെടുക.

കൂടൽമാണിക്യം ക്ഷേത്രത്തിൽ ഊരാഴ്മക്കാർ ഹവിർധാന്യം സമർപ്പിച്ചു

ഇരിങ്ങാലക്കുട : പാരമ്പര്യ നിശ്ചയ പ്രകാരം കൂടൽമാണിക്യം ക്ഷേത്രത്തിലെ ഉത്സവ ദിവസങ്ങളിൽ ഹവിസ്സിന് വേണ്ടതായ ഉണക്കലരി 10 ഊരാഴ്മാ ഇല്ലങ്ങൾക്കു വേണ്ടി ഊരാഴ്മയോഗം ഭാരവാഹികൾ ദേവസമക്ഷം സമർപ്പിച്ചു.

ഊരാഴ്മപ്പത്തിൽ വടക്കിനിയേടത്ത് ഇല്ലം വകയായുള്ള ഊരാഴ്മ അവകാശം ആ ഇല്ലം അന്യം നിന്നപ്പോൾ അന്നത്തെ സമ്പ്രദായമനുസരിച്ച് പെരുമ്പടപ്പ് സ്വരൂപത്തിലേക്ക് ലയിക്കുകയും കൊച്ചി രാജവംശത്തിന് ക്ഷേത്രത്തിൽ ഒരവകാശം വന്നു ചേരുകയും ചെയ്തു. എങ്കിലും രാജവാഴ്ചയുടെ അന്ത്യത്തോടെ ആ അവകാശം വേർപ്പെടുകയും, പിന്നീട് അന്യം നിന്ന എനമല്ലൂർ ഇല്ലത്തിന്റേതടക്കം അപ്രകാരം ഉള്ള രണ്ട് അവകാശങ്ങളും ശേഷിച്ച എട്ട് ഇല്ലക്കാർ ചേർന്ന് രൂപപ്പെട്ട ഊരാഴ്മ യോഗത്തിൽ ലയിക്കുകയും ചെയ്തു.

വടക്കിനിയേടത്തില്ലം, എനമല്ലൂർ ഇല്ലം, കൊരമ്പ് കുട്ടനല്ലൂർ മൂത്തേടത്തില്ലം, മതുക്കാരുമുക്ക് മന, ചിറയ്ക്കൽ പനയംതുള്ളി ഇല്ലം, മനവല്ലൂര് മേനായം ഇല്ലം,കോക്കാട് കിഴക്കിനിയേടത്തില്ലം, ചാലൂര് വാരണംകോട്ട് ഇല്ലം, വെമ്പട്ടി (എക്കാട്, എടതിരിഞ്ഞി) ഇല്ലം, മുരിങ്ങോത്ത്മാടക്കാൽ ഇല്ലം എന്നിങ്ങനെ പത്തില്ലക്കാർക്കും വേണ്ടി കൂടൽമാണിക്യം ഊരാഴ്മ യോഗം ചെയർമാൻ കൊരമ്പ് - കുട്ടനല്ലൂർ മൂത്തേടത്ത് കെ. എൻ. ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്, വൈസ് ചെയർമാന്മാരായ കോക്കാട് - കിഴക്കിനിയേടത്ത് ദാമോദരൻ നമ്പൂതിരി, ചാലൂർ വാരണം കോട് സി.എൻ.നാരായണൻ നമ്പൂതിരി, മനവല്ലൂർമേനായം നീലകണ്ഠൻ നമ്പൂതിരി, അനുജൻ നാരായണൻ നമ്പൂതിരി,മതുക്കാരുമുക്ക് കൃഷ്ണൻ (ഉണ്ണികൃഷ്ണൻ) നമ്പൂതിരിപ്പാട്, മാടയ്ക്കാൽ ശങ്കരൻ നമ്പൂതിരി എന്നിവർ ചേർന്ന് 10 ചാക്ക് ഉണക്കലരിയാണ് ദേവസമക്ഷം സമർപ്പിച്ചത്

കൂടൽമാണിക്യം ദേവസ്വം പ്രതിനിധി കൂടിയായ താന്ത്രികാചാര്യൻ തരണനല്ലൂർ ഗോവിന്ദൻ നമ്പൂതിരിപ്പാട്, മണക്കാട്, തട്ടായം, മാനേജിങ്ങ് കമ്മിറ്റി അംഗം മുരളി ഹരിതം തുടങ്ങിയവർ ആശംസകൾ നേർന്നു

എക്സൈസ് പാസിംഗ് ഔട്ട് പരേഡ് നാളെ മന്ത്രി എം.ബി രാജേഷ് അഭിവാദ്യം സ്വീകരിക്കും

എക്സൈസ് വകുപ്പിൽ വിവിധ ജില്ലകളിൽ നിന്നും നിയമനം ലഭിച്ചു പരിശീലനം പൂർത്തിയാക്കിയ 84 എക്സൈസ് ഇൻസ്പെക്ടർമാരുടെയും, 59 സിവിൽ എക്സൈസ് ഓഫിസർമാരുടെയും, 14 വനിത സിവിൽ എക്സൈസ് ഓഫീസർമാരുടേയും പാസിംഗ് ഔട്ട് പരേഡ് മെയ് പത്തിന് രാവിലെ 8.30 ന് തൃശൂർ എക്സൈസ് അക്കാദമി ഗ്രൗണ്ടിൽ നടക്കും.

ചടങ്ങിൽ എക്സൈസ്, തദ്ദേശ സ്വയംഭരണ പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കും. എക്സൈസ്, പൊലീസ് വകുപ്പ് ഉദ്യോഗസ്ഥർ, പൗരപ്രമുഖർ, സേനാംഗങ്ങളുടെ ബന്ധുമിത്രാദികൾ തുടങ്ങിയവർ പങ്കെടുക്കും.

പരിശീലനം പൂർത്തിയാക്കിയ ട്രെയിനികളിൽ 64 ബിരുദധാരികളും, 44 ബി-ടെക് ബിരുദധാരികളും,

ഒരു ബി.എഡ് ബിരുദധാരിയും, നാല് എം.ടെക് ബിരുദധാരികളും, നാല് ഡിപ്ലോമ ബിരുദധാരികളും, ഒരു എം സി എ ബിരുദധാരിയും, ഒരു ബി ഡി എസ് ബിരുദധാരിയും ഉൾപ്പെടുന്നതായി എക്സൈസ് അക്കാദമി ഡയറക്ടർ അറിയിച്ചു.

ശ്രീ കൂടൽ മാണിക്യം തിരുവുത്സവത്തിന് തന്ത്രി നകരമണ്ണ് നാരായണൻ നമ്പൂതിരി കൊടിയേറ്റുന്നു

വിവിധ പദ്ധതികളിൽ മികച്ച നേട്ടം കൈവരിച്ച് തൃശൂർ ജില്ല

സർക്കാർ പദ്ധതികളുടെ പുരോഗതിയിൽ ജില്ല മികച്ച നേട്ടമാണ് കൈവരിച്ചത് പാലക്കാട് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്ന മേഖലാതല അവലോകന യോഗം വിലയിരുത്തി. അതിദാരിദ്ര്യ നിർമാർജനത്തിലും ലൈഫ് ഭവന പദ്ധതി യിലും ആർദ്രം പദ്ധതിയുടെ ഭാഗമായ ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തനത്തിലും ജില്ല നല്ല രീതിയിലുള്ള പുരോഗതി കൈവരിച്ചിട്ടുണ്ട്.

ജില്ലയിൽ 5013 അതിദരിദ്ര കുടുംബങ്ങൾ കണ്ടെത്തിയതിൽ 4158 കുടുംബങ്ങൾ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരായി. 83 ശതമാനം പുരോഗതിയാണ് ഈ കാര്യത്തിൽ കൈവരിച്ചത്. മൂന്നു മാസത്തിനുള്ളിൽ 92 ശതമാനം പുരോഗതി കൈവരിക്കാനാവുമെന്ന് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ യോഗത്തിൽ അറിയിച്ചു.

ഭവനരഹിതർക്ക് വീട് വച്ച് നൽകുന്ന ലൈഫ് പദ്ധതിയിൽ 82 ശതമാനം വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. 2025 ആഗസ്റ്റ് മാസത്തിനകം 84.12 ശതമാനം പുരോഗതി കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്.

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ജില്ലയിലെ 328 റോഡുകളിൽ 123 റോഡുകളുടെ പ്രവൃത്തികൾ ആരംഭിച്ചു. അടുത്ത മൂന്നു മാസത്തിനകം മുഴുവൻ റോഡുകളുടെയും പ്രവൃത്തികൾ പൂർത്തീകരിക്കും. ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തനം ജില്ലയിൽ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. പരിവർത്തനത്തിനായി തിരഞ്ഞെടുക്കപ്പെട്ട 81 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 72ലേയും പ്രവൃത്തികൾ പൂർത്തീകരിച്ചു.

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ വിദ്യാലയങ്ങളിൽ കിഫ്ബി പദ്ധതി വഴി ഭൗതിക സൗകര്യ വികസനം മികച്ച രീതിയിലാണ്. തിരഞ്ഞെടുത്ത 66 വിദ്യാലയങ്ങളിൽ 46 വിദ്യാലയങ്ങളിലെയും നിർമ്മാണം പൂർത്തീകരിച്ച് 70 ശതമാനം പുരോഗതി കൈവരിച്ചു. മാലിന്യ മുക്ത കേരളം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ വാതിൽപ്പടി ശേഖരണത്തിൽ 100 ശതമാനം പുരോഗതി കൈവരിച്ചു. ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ ജ്യോതി എൻജിനീയറിങ് കോളജ് കാർബൺ എമിഷൻ സർവേയിൽ കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിച്ചു.

തൃശൂർ ജില്ലയിലെ ലൈഫ് മിഷൻ, തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, ആർദ്രം, വിദ്യാകിരണം, മാലിന്യമുക്ത കേരളം, ഹരിത കേരളം മിഷൻ എന്നിവയുടെ പ്രവർത്തനങ്ങളും ജില്ലയിലെ മുൻഗണനാ വിഷയങ്ങളുമാണ് പാലക്കാട് നടന്ന മേഖലാതല അവലോകന യോഗത്തിൽ ചർച്ച ചെയ്തത്.

ഔഷധി ആയുർവേദ ഫാർമസി ഉടമ ഷാജഹാൻ അന്തരിച്ചു

കുന്നംകുളം : പട്ടാമ്പി റോഡിലെ ഔഷധി ആയുർവേദ ഫാർമസി ഉടമ ചങ്ങരംകുളം പാവിട്ടപുറം സ്വദേശി ഷാജഹാൻ (54) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30 ന് ചങ്ങരകുളം പാവിട്ടപ്പുറം ജുമാമസ്ജിദിൽ നടത്തപ്പെട്ടു. ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലായിരുന്നു. കുന്നംകുളം ചേംബർ ഓഫ് കോമേഴ്സിലെ സജീവ അംഗമായിരുന്നു.

വാർത്താച്ചുരുക്കം

* അംബേദ്ക്കറൈറ്റ്സ് എംപ്ലോയീസ് ആന്റ് പെൻഷനേഴ്സ് വെൽഫെയർ ഓർഗനൈസേഷൻ ഒന്നാം സംസ്ഥാന സമ്മേളനം 10, 11 തീയതികളിൽ നടക്കും. തൃശൂർ ജവഹർ ബാലഭവനിലാണ് സമ്മേളനം
* തൃശൂർ ഐ കാൻ അക്കാദമി വിദ്യാർത്ഥികളെ അനുമോദിക്കുന്ന സ്നേഹാദരം മെയ് 16 ന് ടൗൺ ഹാളിൽ വിപുലമായി നടക്കും
* കാര്യാട്ടുകര ഭഗവതി ക്ഷേത്രത്തിൽ ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം തുടങ്ങി. 14 ന് സമാപനം
* മനുഷ്യവർഗ്ഗ അവകാശ സംരക്ഷണ പ്രസ്ഥാനം ഒരുക്കുന്ന സാമൂഹിക പരിവർത്തന സദസ് നാളെ 2 മണിക്ക് ആമ്പല്ലൂർ സെന്ററിൽ നടക്കും. ലഹരി വിരുദ്ധ പ്രവർത്തന ഭാഗമായാണ് പരിപാടി
* ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നേഴ്സസ് വാരാചരണം ജില്ലയിൽ തുടങ്ങി. 12 ന് സമാപനം
* ആൾ കേരള മാർബിൾസ് ടൈൽസ് വർക്കേഴ്സ് അസോസിയേഷൻ പതിനേഴാം സംസ്ഥാന സമ്മേളനം 10, 11 തീയതികളിൽ തൃശൂർ വിവേകോദയം ബോയ്സ് ഹൈസ്കൂളിൽ നടക്കും
* സഹകരണ ജീവനക്കാരുടെ പെൻഷൻ വർദ്ധിപ്പിക്കണമെന്ന്, കേരള കോ-ഓപ്പറേറ്റീവ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ തൃശൂർ താലൂക്ക് കമ്മറ്റി വാർഷിക പൊതുയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു
* കഥകളി ക്ലബ് തൃശൂരിന്റെ അറുപതാം വാർഷികവും വജ്രജൂബിലി ആഘോഷവും 10 മുതൽ 14 വരെ നടക്കും. ഭാരതീയ വിദ്യാഭവൻ ഓഡിറ്റോറിയത്തിലാണ് പരിപാടി.

ആളൊഴിഞ്ഞ പറമ്പിൽ ദുരൂഹ സാഹചര്യത്തിൽ ഒട്ടകത്തിന്റെ ജഡം കുഴിച്ചിട്ട നിലയിൽ കണ്ടെത്തി

കുന്നംകുളം : ചൊവ്വന്നൂരിൽ ആളൊഴിഞ്ഞ പറമ്പിൽ ദുരൂഹ സാഹചര്യത്തിൽ ഒട്ടകത്തിന്റെ ജഡം കുഴിച്ചിട്ട നിലയിൽ കണ്ടെത്തി. ചൊവ്വന്നൂർ മീമ്പിക്കുളത്തിനടുത്ത് ബാലഗോപാലിന്റെ ഉടമസ്ഥതയിൽ ഉള്ള പറമ്പിലാണ് ഒട്ടകത്തിന്റെ ജഡം കുഴിച്ചിട്ട നിലയിൽ കണ്ടെത്തിയത്. രണ്ടുമൂന്നു ദിവസമായി ഈ പറമ്പിൽ നിന്നും രൂക്ഷമായ ഗന്ധം പുറത്തുവന്നതിനെ തുടർന്ന് വാർഡ് കൗൺസിലറും നാട്ടുകാരും ചേർന്ന് പരിശോധിച്ചതിലാണ് ആളൊഴിഞ്ഞു കിടക്കുന്ന ഈ പറമ്പിൽ ഒട്ടകത്തിന്റെ ജഡം മറവ് ചെയ്ത നിലയിൽ കണ്ടെത്തിയത്.എവിടെനിന്നോ കൊണ്ടുവന്ന ഒട്ടകത്തിന്റെ ജഡം ഇവിടെ കുഴിച്ചിട്ടതാണെന്ന് കരുതുന്നു. സ്ഥല ഉടമ കുന്നംകുളം പോലീസിൽ പരാതി നൽകിയിട്ടുണ്ട്. കൂടുതൽ അന്വേഷണം ഇതു സംബന്ധിച്ച് ഉണ്ടാകും. നഗരസഭാ അധികൃതരും സ്ഥലത്തെത്തിയിട്ടുണ്ട്.

കെ എം അഷറഫ് ലയൺസ് ഇന്റർനാഷണൽ വൈസ് ഡിസ്ട്രിക്ട് ഗവർണർ

തൃശൂർ- ലയൺസ് ഇന്റർനാഷണൽ സെക്കന്റ് വൈസ് ഡിസ്ട്രിക്റ്റ് ഗവർണറായി കെ എം അഷ്റഫ് തെരഞ്ഞെടുക്കപ്പെട്ടു. മണപ്പുറം ഫിനാൻസ് ലിമിറ്റഡിന്റെ സീനിയർ പി ആർഒ ആണ്. പന്നിത്തടം ടെലികോം കൺവെൻഷൻ സെന്ററിൽ നടന്ന കൺവെൻഷൻ മണപ്പുറം ഫിനാൻസ് മാനേജിംഗ് ഡയറക്ടറും ലയൺസ് മുൻ ഇൻർനാഷണൽ ഡയറക്ടറുമായ വി പി നന്ദകുമാർ ഉദ്ഘാടനം ചെയ്തു.

തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകളെ പ്രതിനിധീകരിച്ച് ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുത്ത കൺവെൻഷനിൽ പോൾ ചെയ്യപ്പെട്ട നാനൂറ്റി നാൽപത്തിനാലിൽ മുന്നൂറ്റി മുപ്പത്തിനാലു വോട്ട് അഷറഫിന് ലഭിച്ചു. ലയൺസ് ഡിസ്ട്രിക്റ്റ് ഗവർണർ ജെയിംസ് പോൾ വളപ്പില അദ്ധ്യക്ഷനായിരുന്നു.

അത്തം പ്രസാദ ഊട്ട് നടന്നു

ഇരിങ്ങാലക്കുട: തൃപ്പയ്യ ത്രിമൂർത്തി ക്ഷേത്രത്തിൽ ഇന്ന് വെള്ളിയാഴ്ച അത്തം പ്രസാദ ഊട്ട് നടന്നു. രാവിലെ 8 മുതൽ ഐരാണിക്കുളംജയശ്രീ ടീച്ചറും സംഘവും അവതരിപ്പിക്കുന്ന നാരായണിയ പാരായണവും ഉണ്ടായിരിക്കും.

വ്യവസായ മന്ത്രി പി രാജീവ് ബേബിമാഷെ അയ്യന്തോളിലെ വസതിയിൽ സന്ദർശിച്ചു

മുളങ്കുന്നത്തുകാവിൽ കെൽട്രോൺ-സിമെറ്റ് സംയുക്ത സംരംഭം വരുന്നു

തൃശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവിൽ കേന്ദ്ര ഇലക്ട്രോണിക്സ്- ഐ. ടി വകുപ്പിന് കീഴിലുള്ള സിമെറ്റും കെൽട്രോണും പങ്കാളികളാകുന്ന സെൻസർ മാനുഫാക്ചറിംഗ് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ ധാരണയായതായി വ്യവസായ മന്ത്രി പി. രാജീവ് അറിയിച്ചു. മുളങ്കുന്നത്തു കാവിലെ കെൽട്രോണിന്റെ ഭൂമി ഇതിനായി പ്രയോജനപ്പെടുത്താനാണ് മന്ത്രി പി. രാജീവും കേന്ദ്ര ഇലക്ട്രോണിക്സ്- ഐ.ടി മന്ത്രാലയ സെക്രട്ടറി എസ് കൃഷ്ണനുമായി നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലുള്ള ധാരണ. നിലവിൽ ലികിഡേഷനിലുള്ള ഭൂമി തിരിച്ചെടുത്ത് പദ്ധതിക്കായി ഉപയോഗപ്പെടുത്തും. ഇതിനായി ഹൈക്കോടതിയുടെ അംഗീകാരം തേടും. സിമെറ്റി (ഇങ്ങ്ഴ്ാ) ന്റെ വിപുലീകരണം, സി മെറ്റുമായി ചേർന്നുള്ള സെൻസർ മാനുഫാക്ചറിംഗ് കോമൺ ഫെസിലിറ്റി സെന്റർ എന്നീ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ സെൻസർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള വ്യവസായ വികസനത്തിന് വഴിയൊരുങ്ങുമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു.സി മെറ്റ് സമർപ്പിച്ച നിർദ്ദേശം ആധാരമാക്കി കെൽട്രോൺ ആണ് പദ്ധതി തയ്യാറാക്കിയത്. കേന്ദ്ര സ്ഥാപനമായ സിമെറ്റിന്റെ വിപുലീകരണത്തിനായി കെൽട്രോണിന്റെ 5 ഏക്കർ ഭൂമി കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന് കൈമാറും. നേരത്തെ പ്രവർത്തനം നിലച്ച കെൽട്രോൺ ഉപകമ്പനികളുടെ ബാധ്യതയും ഇതിലൂടെ തീർക്കാൻ കഴിയും. സിമെറ്റുമായി ചേർന്ന് സെൻസർ മാനുഫാക്ചറിംഗ് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന 7 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തും. സെൻസർ ഇൻകുബേഷൻ സെന്റർ, സെൻസർ ഇന്റഗ്രേറ്റഡ് ചിപ്സ്, ഇലക്ട്രോണിക് ഘടകങ്ങൾ എന്നിവയുടെ സംയുക്ത സംരംഭമാണ് വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് സെൻസർ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങളുടേയും വ്യവസായങ്ങളുടേയും വികസനത്തിന് സഹായകരമാവുന്ന കേന്ദ്രമായിരിക്കും ഇത്.

കെൽട്രോണിന്റെ 12.19 ഏക്കർ ഭൂമി തിരിച്ചെടുത്ത് വ്യവസായ പദ്ധതികൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന മികച്ച നിർദ്ദേശമാണ് തയ്യാറാക്കിയിരിക്കുന്നതെന്നും വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു.

'വിശറി' സാന്ത്വനത്തിന്റെ കുളിർ കാറ്റായി മാറും

തൃശൂർ : ജീവിതം കനൽ കാറ്റായി വീശുമ്പോൾ അതിന്റെ താളത്തിനൊത്ത് ചലിക്കുന്ന വിശറി സാന്ത്വനത്തിന്റെ കുളിർ കാറ്റായി മാറുമെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു. ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയം അരണാട്ടുകര സെന്ററിൽ സംഘടിപ്പിച്ച തൃശൂർ പൂരത്തിന് വിശറി വിതരണം ചെയ്യുന്ന സംഗമത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു.

ബ്രഹ്മാകുമാരി ബിന്ദു സിസ്റ്റർ അദ്ധ്യക്ഷയായിരുന്നു. എക്സൈസ് അസി:സബ് ഇൻസ്പെക്ടർ രാമചന്ദ്രൻ ഉൽഘാടനം ചെയ്തു,കോർപ്പറേഷൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി.കെ.ഷാജൻ, ബി.കെ.സന്തോഷ്, ബി.കെ.വിജയൻ,മോ